സംസ്ഥാനത്തെ മനോരോഗികൾ

103 [1282] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസംഖ്യയിൽ മനോരോഗികൾ എത്ര ശതമാനം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അതിൽ സ്ത്രീകളുടെ കണക്കെത്രയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര മനോരോഗാശുപത്രികൾ ഉണ്ട്;

(ഡി) അവയിലെല്ലാംകൂടി എത്ര മനോരോഗികൾ ഉണ്ട്; അതിൽ പുരുഷൻമാർ/സ്ത്രീകൾ, കുട്ടികൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഇ) രോഗം മാറിയിട്ടും ആശുപത്രിയിൽനിന്നും വിട്ടുപോകാത്തവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇവരെ പുനരധിവസിപ്പിക്കാൻ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് മൂന്ന് മനോരോഗാശുപത്രികൾ ഉണ്ട്.

(ഡി) 1907. ഇതിൽ 1251 പുരുഷൻമാർ ബാക്കി സ്ത്രീകളുമാണ്.

(ഇ) 193 പേരുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിച്ചുവരുന്നു.

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

104 [1283] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, എ. യൂനസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly